# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.749 11.06.2014 - ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനം

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ അച്ചുതൻ<br>ശ്രീ. എ. റ്റി ജോർജ്ജ്<br>ശ്രീ. പി. എ. മാധവൻ | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ എല്ലാത്തരം ആധുനിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാകുന്ന ടേർഷ്യറി കൊളീജിയേറ്റ് ഹോസ്പിറ്റലുകളായി എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളേയും ഉയർത്തുന്നതിനായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് ഘട്ടം ഘട്ടമായി കേന്ദ്ര സംസ്ഥാന സർക്കാരിലൂടെയും ഇതര ഏജൻസികളിലൂടെയുമുള്ള സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച മാത്രമേ പൂർത്തിയാക്കാൻ കഴിയൂ. നിലവിലുള്ള 6 സർക്കാർ മെഡിക്കൽ കോളേജുകളിൽ മഞ്ചേരി ഒഴികെയുള്ള കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഐ.സി.യു സ്ഥാപിച്ച വരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമായ വന്ധ്യതാ ചികിത്സയ്ക്കുള്ള അസിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജി മറ്റ മെഡിക്കൽ കോളേജുകളിലും സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കാൻസർ രോഗത്തിനുള്ള മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേയും ബന്ധപ്പെട്ട വകുപ്പുകൾ ഏകീകരിച്ച് മിനി റീജിയണൽ കാൻസർ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. |
| (ബി)പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിലൂടെയും ധനകാര്യ കമ്മീഷൻ ഗ്രാന്റുകളിലൂടെയും സംസ്ഥാന സർക്കാർ പദ്ധതി പദ്ധതിയേതര വിഹിതത്തിലൂടെയും അനുവദിക്കുന്ന തുകയാണ് പദ്ധതി നടത്തിപ്പിനായി ഉപയോഗപ്പെടുത്തുന്നത്. |
| (സി) എന്തെല്ലാം വികസനങ്ങളും സൗകര്യങ്ങളുമാണ്, പദ്ധതിയനുസരിച്ച് മെഡിക്കൽ കോളേജുകളിൽ നടപ്പിൽ വരുത്തുന്നതെന്ന് വിശദമാക്കുമോ ; | (സി) കേന്ദ്ര ഗവൺമെന്റിന്റെ PMSSY പദ്ധതിയിൽ നിന്ന് 100 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 20 കോടി രൂപയും ഉപയോഗിച്ച് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഇതേ പദ്ധതിയിൽ കോഴിക്കോട്, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജുകൾക്കുമുള്ള പദ്ധതി |

| | |
|---|---|
| | അംഗീകരിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടി ഒരു മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഒരു മാതൃ - ശിശു സംരക്ഷണ ബ്ലോക്ക്, മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി, അനിമൽ ഹൗസ്, ആധുനിക ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചുവരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ ആധുനിക മോഡ്യുലാർ തിയേറ്റർ പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നതു കൂടാതെ ക്രിട്ടിക്കൽ കെയർ യൂണിറ്റ്, ജീറിയാട്രിക് വാർഡ്, ബേൺസ് യൂണിറ്റ്, നവജാത ശിശു വിഭാഗം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹോസ്റ്റൽ നിർമ്മാണം, പുതിയ ലൈബ്രറി, ആശുപത്രിയുടെ നവീകരണം, കാത്ത് ലാബ്, സി. റ്റി. സ്കാൻ, വന്ധ്യത നിവാരണ യൂണിറ്റ്, റസിഡന്റ് ക്വാർട്ടേഴ്സ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. കാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രാരംഭ ദിശയിലുള്ള മഞ്ചേരി മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ PMSSY പദ്ധതി കൂടാതെ ബേൺസ് യൂണിറ്റ്,ഡ്രഗ് ടെസ്റ്റിംഗ് ലാബ്, കാൻസർ ചികിൽസയ്ക്കുള്ള നൂതന യന്ത്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു.<br><br>തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോ തൊറാസിക് യൂണിറ്റും അതിന്റെ ഭാഗമായി കാത്ത് ലാബ് സ്ഥാപിക്കൽ, ബേൺസ് യൂണിറ്റ്, അക്കാഡമിക് കോംപ്ലക്സ്, ഹോസ്റ്റൽ, പേവാർഡ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പദ്ധതി നടത്തിപ്പിന്റെ പുരോഗതി മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ തലത്തിലും ആരോഗ്യവകുപ്പ് സെക്രട്ടറി തലത്തിലും നിരന്തരം വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ